**ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടറുടെ നടപടി ക്രമം.**

***(ഹാജർ : ഹരിത.വി.കുമാർ, ഐ.എ.എസ്.)***

വിഷയം :- കോവിഡ് 19 - മൂന്നാംതരംഗ വ്യാപനം - ജില്ലയിൽ നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

സൂചന :- 1. 14/01/2022 ലെ സ.ഉ(സാധാ)നം.40/2022/DMD നമ്പർ ഉത്തരവ്.
2. 15/01/2022 ലെ സ.ഉ(സാധാ)നം.47/2022/DMD നമ്പർ ഉത്തരവ്.
3. 10/01/2022 ലെ സ.ഉ(സാധാ)നം.22/2022/DMD നമ്പർ ഉത്തരവ്.
4. 27/12/2021 ലെ സ.ഉ(സാധാ)നം.874/2021/DMD നമ്പർ ഉത്തരവ്.
5. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വകുപ്പിന്റെ 15/01/2022 ലെ ഡി.എം.എ 2/25/2022 DMD നമ്പർ കത്ത്.
6. 14/01/2022 ലേയും 17/01/2022 ലേയും ജില്ലാതല അവലോകന യോഗ തീരുമാനങ്ങൾ.

***ഉത്തരവ് നമ്പർ - DCTSR/H4/598/2022 . തിയ്യതി 17/01/2022***

കോവിഡ്-19 ലോകവ്യാപകമായി പടർന്നുപിടിച്ച ഒരു മഹാമാരിയായി തീർന്നിരിക്കുന്നു. മഹാമാരിയുടെ കഴിഞ്ഞ രണ്ടുതരംഗങ്ങളും നാം ഒരുവിധം പ്രതിരോധിച്ചു കഴിഞ്ഞുവെങ്കിലും മൂന്നാം തരംഗത്തിൽ അതിവ്യാപനശേഷിയുള്ള ഒമിക്രോൺ എന്ന വൈറസിന്റെ കൂടെ വ്യാപനം കടന്നുവന്നിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കേരള സർക്കാർ അതീവജാഗ്രതയോടെയാണ് പ്രതിരോധനടപടികൾ സ്വീകരിച്ചു വരുന്നത്. സൂചന (1) മുതൽ (4) വരെ ഉത്തരവുകൾ പ്രകാരം സംസ്ഥാന ദു.നി.വകുപ്പ് പലനിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലും സൂചന 4,5 എന്നിവ പരിഗണിച്ചും നിലവിൽ ടി.പി.ആർ ഉയർന്നു നിൽക്കുന്ന തൃശ്ശൂർ ജില്ലയിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ മജിസ്ട്രേറ്റും ജില്ലാ കളക്ടറും ആയ ഹരിത.വി.കുമാർ ഐ.എ.എസ് എന്ന ഞാൻ ദുരന്തനിവാരണ നിയമം-2005 പ്രകാരം കോവിഡ്-19 ന്റെ മൂന്നാംതരംഗം തൃശ്ശൂർ ജില്ലയിൽ പ്രതിരോധിക്കുന്നതിന് എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുംവിധം നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

1) തൃശ്ശൂർ ജില്ലയിൽ മൂന്ന് ദിവസത്തെ ശരാശരി ടി.പി.ആർ നിരക്ക് 30 ൽ കൂടുതലായ സാഹചര്യത്തിൽ ജില്ലയിൽ യാതൊരു വിധ സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക, സാമുദായിക, മതപരമായ പൊതു പരിപാടികളും അനുവദിക്കുന്നതല്ല. ഉത്സവങ്ങൾ, പെരുന്നാളുകൾ മുതലായ ആഘോഷങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ച്, പൊതുജന പങ്കാളിത്തം ഇല്ലാതെ ആചാരപരമായ ചടങ്ങു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

2) എല്ലാ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്ന യോഗങ്ങളും പരിപാടികളും ചടങ്ങുകളും ഓൺലൈനായി മാത്രം നടത്തേണ്ടതാണ്.

3) സർക്കാർ ഓഫീസുകളിൽ ജോലിചെയ്യുന്ന ഗർഭിണികൾക്ക് വർക്ക് ഫ്രം ഹോം സംവിധാനം അതത് വകുപ്പ് മേധാവികൾക്ക് അനുവദിക്കാവുന്നതാണ്.

4) എല്ലാ കടകളും ഓൺലൈൻ ബുക്കിംഗും വില്പനയും പ്രോൽസാഹിപ്പിക്കേണ്ടതാണ്.

5) മാളുകളിലും മറ്റു വ്യാപാര സ്ഥാപനങ്ങളിലും ജനത്തിരക്ക് ഉണ്ടാകാത്ത രീതിയിൽ 25 സ്ക്വയർഫീറ്റിൽ ഒരാൾ എന്നനിലയിൽ മാത്രം പ്രവേശനം അനുവദിക്കേണ്ടതാണ്.

6) ബാറുകൾ, ക്ലബ്ബുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ , ഭക്ഷണശാലകൾ, തിയ്യേറ്ററുകൾ എന്നിവയിൽ 50% സീറ്റിങ്ങ് കപ്പാസിറ്റിയിൽ മാത്രമേ പ്രവേശനം പാടുള്ളൂ.

7) എല്ലാ പൊതുഗതാഗതവും കർശനമായ കോവിഡ്-19 പ്രോട്ടോകോൾ പാലിച്ച് നടത്തേണ്ടതാണ്. ബസ്സുകളിൽ നിന്നുകൊണ്ടുള്ള യാത്ര അനുവദനീയമല്ല.

8) എല്ലാ മത്സരപരീക്ഷകളും റിക്രൂട്ട്മെന്റുകളും, യൂണിവേഴ്സിറ്റി പരീക്ഷകളും, സ്പോർട്സ് ട്രയലുകളും കോവിഡ് -19 മാനദണ്ഡങ്ങൾ പാലിച്ച് നടത്തേണ്ടതാണ്.

9) ബീച്ചുകൾ, ഷോപ്പിംഗ് മാളുകൾ, പബ്ലിക് പാർക്കുകൾ ടൂറിസം കേന്ദ്രങ്ങൾ, മാർക്കറ്റുകൾ പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആളുകൾ കൂട്ടം കൂടുന്നതും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുന്നതും അനുവദനീയമല്ല. പോലീസ് അധികാരികൾ ഇത്തരം സ്ഥലങ്ങളിൽ നിരീക്ഷണം ശക്തിപ്പെടുത്തേണ്ടതാണ്.

10) ജനുവരി 21 മുതൽ രണ്ടാഴ്ചത്തേക്ക് 9-ാം ക്ലാസ്സു വരെയുള്ള ക്ലാസ്സുകൾ ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം നടത്തേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലസ്റ്ററുകൾ രൂപപ്പെട്ടാൽ ഉടൻ തന്നെ സ്ഥാപനം 15 ദിവസത്തേക്ക് അടച്ചിടുന്നതിന് സ്ഥാപന മേധാവി നടപടി സ്വീകരിക്കേണ്ടതാണ്.

*മേൽ ഉത്തരവുകൾ ലംഘിക്കുന്നവർക്കെതിരെ 1897-ലെ പകർച്ചവ്യാധി നിയന്ത്രണ നിയമം അനുസരിച്ചും 1875-ലെ പൊതുജനാരോഗ്യ നിയമപ്രകാരവും 2005-ലെ ദുരന്ത നിവാരണ നിയമപ്രകാരവും നിയമനടപടികൾ സ്വീകരിക്കുന്നതാണ്*

***(2022 ജനുവരി മാസം 17-ാം തിയ്യതി എന്റെ കൈയൊപ്പോടു കൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു)***

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, തൃശ്ശൂർ